പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.161. 06.07.2015 ൽ മറുപടിയ്ക്ക്.

## വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര

| ചോദ്യം<br>ശ്രീ. ടി.എൻ. പ്രതാപൻ<br>,, ഷാഫി പറമ്പിൽ<br>,, എം.എ. വാഹീദ്<br>,, പി.സി. വിഷ്ണുനാഥ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ യാത്രാ സൗജന്യം സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ; | (ബി) | പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്കാണ് സൗജന്യയാത്ര അനുവദിച്ചിട്ടുള്ളത്.കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും വിതരണം ചെയ്യുന്ന 10/- രൂപ വിലയുള്ള ഒരു സൗജന്യ യാത്രാകാർഡ് കരസ്ഥമാക്കി വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.യുടെ ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും സൗജന്യ യാത്ര ചെയ്യാവുന്നതാണ്. |
| (സി) | യാത്രാ സൗജന്യം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എങ്ങനെ നേരിടാനാണ് കെ.എസ്.ആർ ടി.സി. ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ ; | (സി) | ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് കെ.എസ്.ആർ.ടി.സി. ഇതുവരെയും കണക്കാക്കിയിട്ടില്ല. ഈ അദ്ധ്യയന വർഷം സൗജന്യയാത്രാ കാർഡ് വിതരണം പൂർത്തിയായി |

| | | | |
|---|---|---|---|
| | | | കഴിയുമ്പോൾ മാത്രമേ എന്ത് മാത്രം സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കുവാൻ കഴിയുകയുള്ളൂ. ഈ വകയിൽ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | യാത്രാ സൗജന്യം നടപ്പാക്കാനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ? | (ഡി) | പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യൂണിറ്റധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് സൗജന്യയാത്രാ കാർഡ് വിതരണം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.